THE OTTAPALAM CO-OPERATIVE URBAN BANK LTD NO F 1647.
OTTAPALAM, PALAKKAD DIST, KERALA. 679 101.
Phone: 0466 2244756, 0466 2244356.
www.ottapalamurbanbank.org. Email: ho@ottapalamurbanbank.org

# വസ്തു ലേല അറിയിപ്പ്

ഒറ്റപ്പാലം കോ -ഓപ്പറേറ്റീവ് അർബൻ ബാങ്കിന്റെ മെയിൻ ബ്രാഞ്ച് മാനേജർ സർഫേസി ആക്ട് 2002, സെക്ഷൻ 13 റൂൾ 8,9 പ്രകാരം ഉടമസ്ഥതയിലും, കൈവശത്തിലും എടുത്തിട്ടുള്ള ബാങ്കിന്റെ നോൺ ബാങ്കിങ് അസറ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന സ്ഥലവും വീടും 2025 ജൂലൈ 21 ന് 11 മണിക്ക് ബാങ്കിന്റെ ഹെഡ് ഓഫീസിൽ വെച്ച് ലേലം ചെയ്തു വിൽക്കുന്നതാണ്. ലേലം ചെയ്ത് വിൽക്കുന്ന വസ്തുവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

ഷൊർണ്ണൂർ സബ് രജിസ്റ്റർ ഓഫീസിലെ 555/ 2006 നമ്പർ ആധാര പ്രകാരമുള്ള പാലക്കാട് ജില്ല, ഒറ്റപ്പാലം താലൂക്ക്, വാണിയംകുളം-1 വില്ലേജ്, കൂനത്തറ ദേശത്തിൽ സർവെ 147/9 ൽ പെട്ട സരളാദേവിയുടെയും മകൻ സുജിത്തിന്റേയും 0.0606 ഹെക്ടർ സ്ഥലവും, വീടും. അതിരുകൾ => വടക്ക് : വഴിയും കൃഷ്ണൻ കുട്ടി കുറുപ്പ് വക സ്ഥലവും. തെക്ക് : ബാലൻ , രാജഗോപാലൻ എന്നിവരുടെ സ്ഥലങ്ങൾ. കിഴക്ക് മയിലുംകുന്നത്ത് പറങ്ങോടൻ വക സ്ഥലം. പടിഞ്ഞാറ് : ഗോപാലൻ വക സ്ഥലം.

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 1000/- രൂപ EMD അടക്കേണ്ടതാണ് .ലേലം നടത്തുന്നത് സീൽഡ് ടെൻഡർ എന്ന രീതിയിലാണ് .ആയതിനാൽ സീൽഡ് ടെൻഡർ സമർപ്പിക്കുന്ന വേളയിലോ, അല്ലെങ്കിൽ സീൽഡ് ടെൻഡർ തുറക്കുന്നതിന് മുൻപോ EMD അടച്ചതായി തെളിയിക്കുന്ന രശീതി ഹാജരാക്കേണ്ടതാണ് . സീൽഡ് കവറും , EMD തുകയും 2025 ജൂലൈ 21 ന് രാവിലെ 10 മണിക്ക് മുൻപായി ലേലത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ സമർപ്പിക്കേണ്ടതാണ് .ലേലത്തിൽ പങ്കെടുക്കുന്നവരുടെയോ , അവരുടെ പ്രതിനിധികളുടെയോ മുൻപാകെ ലേലത്തിന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ നടപടിക്രമങ്ങൾ വിശദീകരിക്കുകയും , നിബന്ധനകൾ വായിച്ച് ബോധ്യപ്പെടുത്തുകയും ചെയ്യുന്നതാണ് .അതിനു ശേഷം സീൽഡ് കവർ ലേലത്തിൽ പങ്കെടുക്കുന്നവരുടെയോ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ് .വസ്തുവിന് ഏറ്റവും കൂടുതൽ വില QUOTE ചെയ്ത വ്യക്തിക്ക് വസ്തുലേലം ഉറപ്പിച്ച് കൊടുക്കുന്നതാണ് .ഇതിന്റെ മുന്നോടിയായി 2025 ജൂലൈ 21 ന് ലേല സംഖ്യയുടെ 25 % ബാങ്കിൽ അടക്കേണ്ടതാണ് .ഏതെങ്കിലും കാരണവശാൽ ടി തുക അടക്കാതെ വന്നാൽ തൊട്ടടുത്ത ഉയർന്ന വില QUOTE ചെയ്ത വ്യക്തിക്ക് അവസരം നൽകുന്നതാണ് .ബാക്കി തുക അതായത് 75% , 15 ദിവസത്തിനകം ബാങ്കിൽ അടച്ച് ബോധ്യപ്പെടുത്തേണ്ടതും ,തുടർന്ന് ബാങ്ക് ലേലം സ്ഥിരപ്പെടുത്തുന്നതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ ലേലം മരവിപ്പിക്കുന്നതും ,വസ്തുവഹകളെ വീണ്ടും ലേലത്തിൽ വെക്കുന്നതുമാണ് . ഇത്തരം സാഹചര്യത്തിൽ ലേലത്തിൽ പങ്കെടുത്ത വ്യക്തി അടച്ച 25% തുക തിരികെ നൽകുന്നതല്ല. ലേലത്തിന്റെ കാര്യത്തിൽ തീരുമാനമായാൽ മറ്റു വ്യക്തികൾ അടച്ച EMD മടക്കി കൊടുക്കുന്നതാണ് .ലേലം പിടിച്ച വ്യക്തിയുടെ EMD , ലേലതുകയിലേക്ക് വരവ് വെച്ച് ബാക്കി തുക അടക്കേണ്ടതാണ് .മേൽ പറഞ്ഞ തീയ്യതിയിൽ (2025 ജൂലൈ 21) നിശ്ചയിച്ചിട്ടുള്ള ലേലം മതിയായ കാരണം ഉണ്ടെങ്കിൽ നിർത്തിവെക്കുന്നതിനും , മാറ്റി വെക്കുന്നതിനും ബാങ്കിന് പരിപൂർണ അധികാരമുണ്ടായിരിക്കുന്നതാണ് .പ്രത്യേക കാരണം അറിയിക്കാതെ തന്നെ ലേല നടപടികൾ ആരംഭിച്ച ശേഷം ഏതു ഘട്ടത്തിലും നിർത്തിവെക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന് അധികാരം ഉണ്ടായിരിക്കുന്നതാണ് .ലേലവുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾക്ക് ബാങ്കിന്റെ ഹെഡ് ഓഫീസിൽ ജനറൽ മാനേജർ , റിക്കവറി ഓഫീസർ എന്നിവരെ ബന്ധപ്പെടാവുന്നതാണ് .

THE OTTAPALAM CO-OP. URBAN BANK LTD. No. F. 1647 * OTTAPALAM 679101

For THE OTTAPALAM CO-OP. URBAN BANK L

ഒറ്റപ്പാലം,
27-06-2025.

( ഒപ്പ് ) ജനറൽ മാനേജർ IC
( അധികാരപെടുത്തിയ ഉദ്യോഗസ്ഥൻ )
General Manager